നെടുമ്പാശേരിയിൽ 11 എയർ റൈഫിളുകൾ പിടികൂടി; രണ്ടുപേർ കസ്റ്റഡിയിൽ

നെടുമ്പാശേരി: കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ദുബായിൽനിന്ന് ഇൻഡിഗോ വിമാനത്തിലെത്തിയ യാത്രക്കാരുടെ ലഗേജിൽനിന്ന് 11 എയർ റൈഫിളുകൾ കസ്റ്റംസ് ഇന്റലിജൻസ് വിഭാഗം പിടികൂടി. സംഭവവുമായി ബന്ധപ്പെട്ട് പാലക്കാട് സ്വദേശികളായ രമേഷ് മച്ചാട്, സിജോ ശശി എന്നിവരെ കസ്റ്റഡിയിലെടുത്തു.

തോക്കുകൾ അഴിച്ചുമാറ്റി വിവിധ ഭാഗങ്ങളാക്കി ലഗേജുകളിൽ പ്രത്യേകം സൂക്ഷിച്ച നിലയിലായിരുന്നു. സംശയം തോന്നിയതിനെത്തുടർന്ന് നടത്തിയ പരിശോധനയിലാണ് ആയുധങ്ങൾ കണ്ടെത്തിയത്. ഇവ ഏതു വിഭാഗത്തിൽപ്പെട്ടതാണെന്നും ഇറക്കുമതി ചെയ്യുന്നതിനും കൈവശം വയ്ക്കുന്നതിനും അനുമതി ആവശ്യമുണ്ടോയെന്നും പരിശോധിക്കുകയാണ്. ആയുധങ്ങൾ വില്പനയ്ക്കായി എത്തിച്ചതാണോ വ്യക്തിപരമായ ആവശ്യത്തിനാണോയെന്നും ഇവയുടെ ഉറവിടം, കടത്തിക്കൊണ്ടുവന്നതിന്റെ ലക്ഷ്യം എന്നിവയും കസ്റ്റംസ് അന്വേഷിക്കുന്നുണ്ട്.

യുഎഇയിൽ ബസും ട്രക്കും കൂട്ടിയിടിച്ച് ഇന്ത്യക്കാരടക്കം 13 പേർ മരിച്ചു

ദുബായ്: യുഎഇയിലെ റാസൽഖൈമയിൽ ബസും ട്രക്കും കൂട്ടിയിടിച്ചുണ്ടായ അപകടത്തിൽ ഇന്ത്യക്കാരുൾപ്പടെ 13 പേർ മരിച്ചു. ഇന്നലെ പുലർച്ചെ റാസൽഖൈമയിലെ അൽ വതൻ റോഡിലായിരുന്നു അപകടം. യന്ത്രത്തകരാറിനെത്തുടർന്ന് റോഡരികിൽ നിർത്തിയിട്ടിരുന്ന ട്രക്കിനു പിന്നിലേക്ക് 41 യാത്രക്കാരുമായി പോയ ബസ് ഇടിച്ചുകയറുകയായിരുന്നു. അപകടത്തിൽ ആദ്യം 11 പേരാണു മരിച്ചത്. ഗുരുതരമായി പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ച രണ്ടുപേർകൂടി പിന്നീട് മരിച്ചതോടെയാണു മരണസംഖ്യ 13 ആയത്. അപകടത്തിൽ 14 പേർക്കു പരിക്കേറ്റിട്ടുണ്ട്.

അപകടത്തിൽപ്പെട്ട ബസ് മലയാളിയുടേതാണെന്നും മരിച്ചവരിൽ മലയാളികളുണ്ടെന്നും റിപ്പോർട്ടുണ്ട്. അതേസമയം, എത്ര ഇന്ത്യക്കാരാണു മരിച്ചതെന്നോ പരിക്കേറ്റതെന്നോ ഉള്ള കൃത്യമായ കണക്കുകൾ വ്യക്തമായിട്ടില്ല. വിവരങ്ങൾ ശേഖരിച്ചുവരികയാണെന്ന് ഇന്ത്യൻ കോൺസുലേറ്റ് അറിയിച്ചു.

മരിച്ചവരുടെ കുടുംബങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ടെന്നും സാധ്യമായ എല്ലാ സഹായങ്ങളും ഉറപ്പാക്കാൻ പ്രാദേശിക അധികാരികളുമായി ചേർന്നു പ്രവർത്തിക്കുന്നുണ്ടെന്നും കോൺസുലേറ്റ് വ്യക്തമാക്കി.

കഴിഞ്ഞ 13ന് പുലർച്ചെ യുഎഇയിലെ ഫുജൈറയിലുണ്ടായ വൻ വാഹനാപകടത്തിന് ദിവസങ്ങൾക്കകമാണു വീണ്ടും സമാനദുരന്തം. അന്നത്തെ അപകടത്തിൽ നാല് ഇന്ത്യക്കാരുൾപ്പടെ 14 പേർ മരിക്കുകയും 30 പേർക്കു പരിക്കേൽക്കുകയും ചെയ്തിരുന്നു.

ദീപിക ക്ലാസിഫൈഡ്സ്

പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ. എം. ബി, എറണാകുളം

punjab national bank ...the name you can BANK upon! പഞ്ചാബ് നേഷനൽ ബേങ്ക് ...भरोसे का प्रतीक !

1–ാം നില, പി. എൻ. ബി ഹൗസ്, 40/1461, മാർക്കറ്റ് റോഡ്, എറണാകുളം – 682011,
Ph: 0484-2350477, Email: cs4459@pnb.bank.in

സ്ഥാവര വസ്തുക്കളുടെ വിൽപന നോട്ടീസ്

സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 ന്റെ പ്രൊവിഷൻ റൂൾ 9(1) പ്രകാരം ബാങ്കിൽ പണയപ്പെടുത്തിയിട്ടുള്ള സ്ഥാവര വസ്തുക്കളുടെ ഇ–ലേല വിൽപന നോട്ടീസ്. താഴെ പറയുന്ന വായ്പക്കാർ/പണയക്കാർ/ജാമ്യക്കാരിൽ നിന്ന് ഈടായി കിട്ടുവാനുള്ള കുടിശ്ശിക തുകയും തുടർ പലിശയും മറ്റ് ചാർജ്ജുകളും വസൂലാക്കുന്നതിന് വേണ്ടി പണയപ്പെടുത്തിയ/ചാർജ്ജുള്ളതുമായ വസ്തുക്കൾ **ബാങ്കിന്റെ/സെക്യൂർഡ് ക്രെഡിറ്ററുടെ** അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ക്രിയാത്മകമായി കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ താഴെ പറയുന്ന തീയതിയിൽ വിൽപന നടത്തുന്ന വിവരം ജനങ്ങളെ പൊതുവായും വായ്പക്കാരെയും പണയക്കാരെയും ജാമ്യക്കാരെയും പ്രത്യേകമായും അറിയിച്ചുകൊള്ളുന്നു. ലേല തീയതിയും കുടിശ്ശിക തുകയുടെ വിവരങ്ങളും താഴെ പട്ടികയിൽ കൊടുത്തിരിക്കുന്നു.

ക്രമ നം.	ശാഖയുടെ പേര്/ വായ്പക്കാർ/ പണയക്കാർ/ജാമ്യക്കാരുടെ പേരും വിലാസവും	വസ്തു വിവരണവും പണയപ്പെടുത്തിയ ആളുടെ പേരും (വസ്തുവിന്റെ ഉടമ)	(എ) സർഫേസി ആക്ട് 2002 സെക്ഷൻ 13(2) പ്രകാരം ഡിമാന്റ് നോട്ടീസ് അയച്ച തീയതി (ബി) കുടിശ്ശിക തുക, (സി) സർഫേസി ആക്ട് 2002 സെക്ഷൻ 13(4) പ്രകാരം കൈവശമെടുത്ത തീയതി, (ഡി) കൈവശമെടുത്ത രീതി (പ്രതീകാത്മകമായി/പ്രത്യക്ഷമായി/ക്രിയാത്മകമായി)
1	**PNB ARMB എറണാകുളം** **ശ്രീമതി വേണി സാഗർ, ശ്രീ. സിദ്ധാർഥ് പി യെദേരി, ശ്രീമതി വിധു എസ് യെദേരി,** എല്ലാവരുടെയും വിലാസം : വേണി ഹൗസ്, പറപ്പൂക്കാവ്, കേച്ചേരി, തൃശ്ശൂർ -680501, **ശ്രീ. സിദ്ധാർഥ് പി യെദേരി, ശ്രീമതി. വിധു എസ്സ് യെദേരി,** ഇരുവരുടെയും വിലാസം : 603, മനോബസ്സൊസൈറ്റി, ബിൽഡിംഗ് നം.ബി 5, കാശ്മീര, മിറാ റോഡ്, (ഇ), താനെ - 401107.	തൃശ്ശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ, എരനെല്ലൂർ വില്ലേജിൽ ശ്രീമതി വേണി സാഗർ, വേണി ഹൗസ്, പറപ്പൂക്കാവ്, കേച്ചേരി, തൃശ്ശൂർ-680501 പേരിലുള്ള റീ സർവ്വേ നം. 18/5 ൽ 2.02 ആർ സ്ഥലവും അതിലിരിപ് താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** 3 മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡ്, **തെക്ക്:** ബാക്കി പറമ്പ്; **കിഴക്ക്:** ബാക്കി പറമ്പ് സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	(എ) **11.10.2018** (ബി) 31.10.2026 ലെ **രൂപ 1,01,25,191.82** (ഒരു കോടി ഒരു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി ഒരുനൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ എൺപത്തി രണ്ട് പൈസ) യും 01.11.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **30.07.2022** (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 32.00 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 3.20 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 10,000/-
2	**PNB ARMB എറണാകുളം** **ശ്രീ. പരീത് പി ഹൈദ്രോസ് & ശ്രീമതി. റംലത്ത് പി എച്ച്,** ഇരുവരുടെയും വിലാസം: പണിക്കവീട്ടിൽ ഹൗസ്, കൃഷ്ണപുരം, കാളത്തോട്, ഒല്ലൂക്കര, തൃശ്ശൂർ - 680655	തൃശ്ശൂർ ജില്ലയിൽ, തലപ്പിള്ളി താലൂക്കിൽ വടക്കാഞ്ചേരി വില്ലേജിൽ, റീസർവ്വേ നം. 158/30ൽ പെട്ട ശ്രീ. പരീത്, S/o ഹൈദ്രോസ്, പണിക്കവീട്ടിൽ ഹൗസ്, ഒല്ലൂക്കര വില്ലേജ്, തൃശ്ശൂർ - 680655 എന്നയാളുടെ പേരിലുള്ള 2.83 ആർ സ്ഥലവും താമസയോഗ്യമായ കെട്ടിടവും സകലവിധ കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്** വഴി, **തെക്ക്** മോഹനൻ വക വസ്തു, **കിഴക്ക്:** 3 മീറ്റർ വീതിയുള്ള സ്വകാര്യ വഴി, **പടിഞ്ഞാറ്:** അങ്കണവാടി സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ അറിവിൽ ബാധ്യതകൾ ഇല്ല	(എ) **18.04.2022** (ബി) 31.10.2026 ലെ **രൂപ 49,69,941.14** (നാൽപത്തി ഒൻപത് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി തൊള്ളായിരത്തി നാൽപത്തി ഒന്ന് രൂപ പതിനാല് പൈസ) യും 01.11.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **22.09.2022** (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 22,00,000/- (ബി) നിരതദ്രവ്യം: രൂപ 2,20,000/- (സി) ലേല വർദ്ധന തുക: രൂപ 10,000/-
3	**PNB ARMB എറണാകുളം** **ശ്രീ. രതീഷ് സുബ്രഹ്മണ്യൻ, ശ്രീമതി കാർത്തിക കുണ്ടുകുളം,** ഇരുവരും താമസം: ഫ്ളാറ്റ് നമ്പർ 17, ക്യാപിറ്റൽ ഹാർമണി, പൂങ്കുന്നം, തൃശ്ശൂർ - 680002, കൂടാതെ പാർവതി നിവാസ്, ഡോർ നം. 1/141, വടക്കഞ്ചേരി, ആലത്തൂർ, പാലക്കാട്.	തൃശ്ശൂർ ജില്ലയിൽ, ആലത്തൂർ താലൂക്കിൽ വടക്കാഞ്ചേരി വില്ലേജിൽ സർവ്വേ നം. 1674/1P ൽ പെട്ട 5.90 ആർസ് സ്ഥലത്തിലെ 1/45 വിഭജിക്കാത്ത അവകാശവും അതിലിരിപ് പൂങ്കുന്നം 'ക്യാപിറ്റൽ ഹാർമണ്' അപ്പാർട്ട്മെന്റ്സ് കെട്ടിടത്തിലെ നാലാം നിലയിൽ സ്ഥിതി ചെയ്യുന്ന 965 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അപ്പാർട്ട്മെന്റും നം. 2 (32/225/F1) മറ്റ് കുഴിക്കൂർ ചമയങ്ങളും. **അതിരുകൾ: വടക്ക്:** നീലംകാവിൽ പോൾ വക വസ്തു, **തെക്ക്:** കോർപ്പറേഷൻ റോഡ്, **കിഴക്ക്:** കോർപ്പറേഷൻ റോഡ്, **പടിഞ്ഞാറ്:** കിങങ്ൻ തോംസൺ വക വസ്തു. സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ: 06.10.2025 ലെ EC ID:P35301618 പ്രകാരം തൃശ്ശൂർ കുടുംബ കോടതിയുടെ 18.03.2022 ലെ Op. 966/2021 IA 2/2021 പ്രകാരമുള്ള 1,40,70,000 രൂപയുടെ അറ്റാച്ച്മെന്റ്. 2.തൃശ്ശൂർ മുൻസിഫ് കോടതിയുടെ 23.07.2021 ലെ 2,92,980/- രൂപ യുടെ അറ്റാച്ച്മെന്റ്	(എ) **06.07.2021** (ബി) 31.10.2026 ലെ **രൂപ 52,36,216.02** (അൻപത്തി രണ്ട് ലക്ഷത്തി മുപ്പത്തി ആറായിരത്തി ഇരുന്നൂറ്റി പതിനാറ് രൂപ രണ്ട് പൈസ) യും 01.11.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) **07.04.2022** (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 31.10 ലക്ഷം (ബി) നിരതദ്രവ്യം: രൂപ 3.11 ലക്ഷം (സി) ലേല വർദ്ധന തുക: രൂപ 10,000/-
4	**PNB ARMB എറണാകുളം** **ശ്രീ. രാധാകൃഷ്ണൻ സി.എ.** S/o അയ്യപ്പൻകുട്ടി, ചുക്കത്ത് ഹൗസ്, പോലുക്കര പി.ഒ, ഇരവിമംഗലം, തൃശ്ശൂർ - 680751, (2) **ശ്രീമതി. ഷിജി,** W/o രാധാകൃഷ്ണൻ സി.എ, ചുക്കത്ത് ഹൗസ്, പോലുക്കര പി.ഒ, ഇരവിമംഗലം, തൃശ്ശൂർ - 680751	തൃശ്ശൂർ ജില്ലയിൽ, തൃശ്ശൂർ താലൂക്കിൽ, നടത്തറ വില്ലേജിൽ, സർവേ നം. 324/2pയിൽ പെട്ട ശ്രീ. രാധാകൃഷ്ണൻ സി.എ., S/o അയ്യപ്പൻകുട്ടി, ചുക്കത്ത് ഹൗസ്, പോലുക്കര പി.ഒ, ഇരവിമംഗലം - 680751 വക 1.51 ആർസ് സ്ഥലവും അതിലിരിപ് താമസയോഗ്യമായ കെട്ടിടവും മറ്റു ചമയങ്ങളും കൂടിയാകുന്നു. **അതിരുകൾ: കിഴക്ക്:** പഞ്ചായത്ത് റോഡ്; **തെക്ക്:** കരനേയിൽ പ്രദീപ് വക വസ്തു; **വടക്ക്:** ചുക്കത്ത് ദിവ്യപ്രകാശ് വക വസ്തു; **പടിഞ്ഞാറ്:** നന്ദൻ കല്ലേടത്ത് വക വസ്തു.	(എ) **13(2) -05.01.2017** (ബി) 31.10.2026 ലെ **രൂപ 48,86,758.71** (നാൽപത്തി എട്ട് ലക്ഷത്തി എൺപത്തി ആറായിരത്തി എഴുനൂറ്റി അൻപത്തി എട്ട് രൂപ എഴുപത്തി ഒന്ന് പൈസ) യും 01.11.2026 മുതലുള്ള പലിശയും മറ്റ് ചെലവുകളും (സി) കൈവശ നോട്ടീസ് തീയതി: **27.03.2017** (ഡി) പ്രത്യക്ഷ കൈവശം (എ) കരുതൽ വില: രൂപ 29,00,000/- (ബി) നിരതദ്രവ്യം: രൂപ 2,90,000/- (സി) ലേല വർദ്ധന തുക: രൂപ 10,000/-

സെക്യൂർഡ് ക്രെഡിറ്ററിന്റെ അറിവിലുള്ള ബാദ്ധ്യതയുടെ വിശദാംശങ്ങൾ:02.12.2025 ലെ EC No. P35875967 & 08.05.2026 ലെ P37553397 & 13.11.2026 ലെ P39703039 - ാം നമ്പർ ബാദ്ധ്യതാ സർട്ടിഫിക്കറ്റ് പ്രകാരം (1) തൃശ്ശൂർ സബ്ബ് കോടതിയുടെ 22.02.2016 ലെ 12,00,000/-രൂപയുടെയും (2) തൃശ്ശൂർ Prl സബ്ബ് കോടതിയുടെ 15.03.2016 ലെ 11,61,000/- രൂപയുടെയും (3) തൃശ്ശൂർ III മുൻസിഫ് കോടതിയുടെ 12.05.2016 ലെ 7,53,000/- രൂപയുടെയും (4) തൃശ്ശൂർ II മുൻസിഫ് കോടതിയുടെ 03.06.2016ലെ 9,25,000/- രൂപയുടെയും (5) തൃശ്ശൂർ III മുൻസിഫ് കോടതിയുടെ 26.05.2017ലെ 15,450/- രൂപയുടെയും ബാദ്ധ്യതകളുണ്ട്

നിരതദ്രവ്യം സമർപ്പിക്കാനുള്ള അവസാന തീയതി: ക്രമ നം.1,3,4 ന് **17.12.2026 &** ക്രമ നം. 2 ന് **17.12.2026** ന് വൈകുന്നേരം 4 മണിയ്ക്ക് മുൻപ്

വസ്തു പരിശോധന: അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ മുൻകൂർ അനുമതിയോടുകൂടി **16-12-2026** ന്

ഇ–ലേല തീയതിയും സമയവും: **18-12-2026** ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണി വരെ

വ്യവസ്ഥകളും നിബന്ധനകളും: (1). വിൽപന, 2002 ലെ സെക്യൂരിറ്റി ഇന്ററസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസിൽ പ്രതിപാദിക്കപ്പെട്ട നിബന്ധനകൾക്കും താഴെപറയുന്ന വ്യവസ്ഥകൾക്കും വിധേയമായിരിക്കും. **(2).** വസ്തുക്കൾ **"എവിടെയാണോ" "എങ്ങനെയാണോ" "ഏതൊക്കെയാണോ"** എന്ന അടിസ്ഥാനത്തിൽ ആയിരിക്കും വിൽപന. **(3).** അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവിൽപ്പെട്ടിടത്തോളം പട്ടികയിൽ പറഞ്ഞിട്ടുള്ള ഈട് വസ്തുക്കളുടെ പൂർണ്ണവിവരം നൽകിയിട്ടുള്ളതാണ്. എന്നാൽ വസ്തുവിലുള്ള പിശക്, തെറ്റായ പ്രസ്ഥാവന അല്ലെങ്കിൽ ഒഴിവാക്കൽ വല്ലതും ഉണ്ടെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല. **(4).** അധികാരപ്പെട്ട ഉദ്യോഗസ്ഥന് സ്വീകരിക്കാൻ പറ്റാത്ത ബിഡ്ഡുകൾ സ്വീകരിക്കുവാനോ നിരസിക്കുവാനോ അധികാരമുണ്ടായിരിക്കുന്നതാണ്. ലേലം നീട്ടി വെയ്ക്കുന്നതിനോ /റദ്ദു ചെയ്യുന്നതിനോ /മാറ്റി വെയ്ക്കുന്നതിനോ വിൽപനയുടെ വ്യവസ്ഥകളിലും നിബന്ധനകളിലും മാറ്റം വരുത്തുന്നതിനും മുൻകൂട്ടിയുള്ള അറിയിപ്പോ കാരണമോ ഒന്നും കൂടാതെ തന്നെ എപ്പോൾ വേണമെങ്കിലും അധികാരപ്പെട്ട ഉദ്യോഗസ്ഥന് അധികാരമുണ്ട്. അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ തീരുമാനം അന്തിമമായിരിക്കും. **(5).** കരുതൽ വിലയേക്കാൾ കുറഞ്ഞ വിലയ്ക്ക് വസ്തു വിൽക്കുന്നതല്ല. **(6).** ലേല വിൽപന **https://Baanknet.com** എന്ന ഇ–ലേല പ്ലാറ്റ്ഫോം മുഖാന്തിരം **18-12-2026 ന് ഉച്ചയ്ക്ക് 12.00 മണി മുതൽ 02.00 മണിവരെയായിരിക്കും. (7).** ലേല വിൽപനയുടെ വ്യവസ്ഥകളും നിബന്ധകളും കൂടുതൽ അറിയുന്നതിനായി **https://Baanknet.com & www.pnb.bank.in** എന്നീ വെബ് സൈറ്റുകൾ സന്ദർശിക്കുക.

തീയതി: 24-11-2026, സ്ഥലം: എറണാകുളം. (ഒപ്) അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, പഞ്ചാബ് നാഷണൽ ബാങ്ക്, എ. ആർ. എം. ബി. എറണാകുളം

E2611-608790

ഹോളി മൗണ്ട് കാർമ്മൽ കോളേജ് ഓഫ് നഴ്സിംഗ്

BC ROAD- മംഗലാപുരം

ADMISSION OPEN

B.Sc. NURSING

Approved by Nursing Council & Rajiv Gandhi University

സ്കോളർഷിപ്പിൽ പഠിക്കാം

കൂടുതൽ വിവരങ്ങൾക്ക്

PRINCIPAL

8197202255

Z2611-607860

RASHTRA DEEPIKA CHILDREN'S DIGEST



ALL KINDS OF ALUMINIUM FABRICATION & KITCHEN CABINETS

METALLIC (SS) NET

Use Aluminium frame or Velcro to Doors, Windows, Ventilators & Air Holes

WE GUARANTEE THE BEST AFTER-SALES SERVICE

NET TRADERS

COCHIN, THRISSUR
KOTTAYAM,TRIVANDRUM
94955 14397, 0484 2314397
CALICUT, KANNUR
MALAPPURAM,
WAYANAD, KASARAGOD
9946554397, 9895175538

E2611-608257

കൃപ സെപ്റ്റിക് ടാങ്ക് ക്ലീനിങ്

ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വൃത്തിയാക്കുന്നു

9846237864

T2611-607172



അറിയിപ്പ്

കുരിയച്ചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 637ൽ പൂവ്വത്തുംകടവിൽ ചന്ദ്രനാഥൻ ഭാര്യ വിനോദിനി എം.ജി., 6th സ്ട്രീറ്റ്, നെഹ്റു നഗർ, കുരിയച്ചിറ എന്ന ആളുടെ പേരിലുള്ള FD രശീതികൾ (നമ്പർ 7632, 7633, 7634, 7635) നഷ്ടപ്പെട്ടതായി അറിയിച്ചുകൊണ്ട് ബാങ്കിൽ അപേക്ഷ നൽകിയിട്ടുള്ളതാണ്. ഈ രശീതികളിന്മേലുള്ള സംഖ്യ കക്ഷിക്ക് നൽകുന്നതിന് ആർക്കെങ്കിലും പരാതിയോ, ആക്ഷേപമോ ഉണ്ടെങ്കിൽ ഈ പരസ്യതീയതി മുതൽ 15 ദിവസത്തിനുള്ളിൽ ബാങ്കിന്റെ ഓഫീസിൽ രേഖാമൂലം അറിയിക്കാൻ താൽപര്യപ്പെടുന്നു. ഒറിജിനൽ രശീതികൾ ഓഫീസിൽ ഹാജരാക്കേണ്ടതാണ്.

കുരിയച്ചിറ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 637, കുരിയച്ചിറ

T2611-608746

ബാങ്ക് ഓഫ് ഇന്ത്യ

Bank of India BOI

പുത്തൻപീടിക ശാഖ,
അന്തിക്കാട് പി ഒ, തൃശ്ശൂർ – 680 641
Ph: 0487-2637900, Email: Puthenpeedika.Ernakulam@bankofindia.bank.in

പ്രതീകാത്മക കൈവശ നോട്ടീസ്

സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 8(1) പ്രകാരമുള്ള നോട്ടീസ്

ബാങ്ക് ഓഫ് ഇന്ത്യയുടെ ഔദ്യോഗിക അധികാരി, സെക്യൂരിറ്റൈസേഷൻ ആന്റ് റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ലെ 13(12) വകുപ്പും സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ്) റൂൾസ് 2002 ലെ റൂൾ 3 ഉം പ്രകാരം വായ്പക്കാരായ (i) **ശ്രീ. കബീർ അബ്ബൂൾഖാദർ,** (ii) **ശ്രീമതി. ഷനിത കബീർ,** ഇരുവരുടെയും വിലാസം: ചക്കാമാലത്ത് ഹൗസ്, പടിയം പി ഒ, തൃശ്ശൂർ, കേരളം - 680641 എന്നിവർക്ക് 11.08.2026ന് അയച്ച ഡിമാന്റ് നോട്ടീസ് പ്രകാരം ബാങ്ക് ഓഫ് ഇന്ത്യക്ക് കിട്ടാനുള്ള **രൂപ** 29,84,634/- **(ഇരുപത്തി ഒൻപത് ലക്ഷത്തി എൺപത്തി നാലായിരത്തി അറുന്നൂറ്റി മുപ്പത്തി നാല് രൂപ)** (03.08.2026 വരെയുള്ള കരാർ പ്രകാരമുള്ള കുടിശ്ശിക) യും 04.08.2026 മുതൽ 8.85% p.a. പ്രതിമാസ പലിശയും മറ്റു ചെലവുകളും ടി നോട്ടീസ് കൈപറ്റി 60 ദിവസത്തിനകം തിരിച്ച് അടയ്ക്കണമെന്ന് ആവശ്യപ്പെട്ടതാണ്. ടി വായ്പക്കാർ പ്രസ്തുത സമയത്തിനകം മുഴുവൻ തുകയും തിരിച്ചടയ്ക്കുവാൻ വീഴ്ച വരുത്തിയതിനാൽ മേൽപറഞ്ഞ ആക്ടിലെ സെക്ഷൻ 13(4) ഉം മേൽപറഞ്ഞ റൂളിന്റെ ചട്ടം 8 ഉം പ്രകാരം ബാങ്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ താഴെ കൊടുത്തിരിക്കുന്ന സ്ഥാവര വസ്തു 2026 **നവംബർ മാസം** 21–ാം തീയതി പ്രതീകാത്മകമായി കൈവശപ്പെടുത്തിയിരിക്കുന്നതായി മേൽപറഞ്ഞ വായ്പക്കാർ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ഈ വസ്തുക്കളിന്മേൽ യാതൊരുവിധ ഇടപാടുകളും നടത്തുവാൻ പാടുള്ളതല്ല എന്ന് വായ്പക്കാർ/ജാമ്യക്കാരെ പ്രത്യേകിച്ചും ജനങ്ങളെ പൊതുവായും ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഈ വസ്തുവിന്മേലുള്ള ഏതൊരു ഇടപാടും ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കിട്ടാനുള്ള കുടിശ്ശിക തുകയായ **രൂപ** 29,20,917.21 **(ഇരുപത്തി ഒൻപത് ലക്ഷത്തി ഇരുപതിനായിരത്തി തൊള്ളായിരത്തി പതിനേഴ് രൂപ ഇരുപത്തി ഒന്ന് പൈസ)** യ്ക്കും (21.11.2026 വരെയുള്ള കരാർ പ്രകാരമുള്ള കുടിശ്ശിക) യ്ക്കും 22.11.2026 മുതൽ 9.10% p.a. പ്രതിമാസ പലിശയ്ക്കും മറ്റ് ചെലവുകൾക്കും വിധേയമായിരിക്കും.

സെക്ഷൻ 13(8) പ്രകാരം വായ്പക്കാർക്ക് ഈടുവസ്തു തിരിച്ചെടുക്കുന്നതിനുള്ള സമയം ലഭ്യമാണെന്നുള്ള വിവരം ഇതിനാൽ തെര്യപ്പെടുത്തിക്കൊള്ളുന്നു. സർഫേസി നിയമപ്രകാരം ഡിമാന്റ് നോട്ടീസ് അയച്ചതിനുശേഷം എന്തെങ്കിലും തുക അടച്ചിട്ടുണ്ടെങ്കിൽ, അത് വസൂലാക്കുന്ന/തീർപ്പാക്കുന്ന സമയം വരവുവെയ്ക്കുന്നതായിരിക്കും.

സ്ഥാവര വസ്തുവിന്റെ വിശദവിവരണം

കേരള സംസ്ഥാനത്ത്, തൃശ്ശൂർ ജില്ലയിൽ, അന്തിക്കാട് സബ് രജിസ്ട്രർ ഓഫീസിൽ, തൃശ്ശൂർ താലൂക്കിൽ, പടിയം വില്ലേജിൽ, സർവേ നം. 1283/1-2 ൽ പെട്ട ശ്രീ. കബീറിന്റെ ഉടസ്ഥതയിലുള്ള 17.98 സെന്റ് (7.28 ആർസ്) വസ്തുവും അതിലുള്ള താമസയോഗ്യമായ കെട്ടിടവും മുഴുവൻ ചമയങ്ങളും സർവ്വിധ അവകാശങ്ങളും കൂടിയാകുന്നു. **അതിരുകൾ: വടക്ക്:** പഞ്ചായത്ത് റോഡ്; **തെക്ക്:** പതിയപറമ്പത്ത് അലി വക വസ്തു; **കിഴക്ക്:** പഞ്ചായത്ത് റോഡും പതിയപറമ്പത്ത് അലി വക വസ്തുവും; **പടിഞ്ഞാറ്:** ഇടയടി അബുബക്കർ വക വസ്തു.

തീയതി: 21-11-2026 ഒപ്, ചീഫ് മാനേജർ & അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ,
സ്ഥലം: പുത്തൻപീടിക ബാങ്ക് ഓഫ് ഇന്ത്യ

T2611-608766

കനറാ ബാങ്ക്, റീജിയണൽ ഓഫീസ്, ABA പ്ലാസ, 1–ാം നില, കൂർക്കഞ്ചേരി, തൃശ്ശൂർ, കേരളം–680007. Ph: 8281999827 E-mail: rotcrrec@canarabank.com

കനറാ ബാങ്ക് Canara Bank സിൻഡിക്കേറ്റ് Syndicate

ഓഫ്ലൈൻ സ്വർണ്ണലേല വിൽപന നോട്ടീസ്

കാനറ ബാങ്കിന്റെ കൂർക്കഞ്ചേരി ശാഖയിൽനിന്ന് സ്വർണ്ണവായ്പ എടുത്ത വ്യക്തിയോട് കുടിശ്ശിക അടച്ചു തീർക്കാൻ ആവശ്യപ്പെട്ടുകൊണ്ട് വിൽപന നോട്ടീസ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ താഴെ പറയുന്ന വായ്പക്കാൻ എടുത്തിട്ടുള്ള സ്വർണ്ണ വായ്പയുടെ കുടിശ്ശിക തിരിച്ചടക്കുന്നതിൽ വീഴ്ച വരുത്തിയ തിനാൽ പണയപ്പെടുത്തിയ വസ്തുക്കൾ ബാങ